പഞ്ചായത്താഫീസറന്മാർ.

* 222. [42] ശ്രീ. പി. കേശവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) എല്ലാ പഞ്ചായത്തിലും പഞ്ചായത്താഫീസറന്മാരെ നിയമിച്ചു കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു;

(സി) ഏതെല്ലാം പഞ്ചായത്തിലാണ് നിയമനം നടന്നിട്ടില്ലാത്തതു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ).

(എ) നിയമനം മുഴുവനും കഴിഞ്ഞിട്ടില്ല.

(ബി) പഞ്ചായത്താഫീസർമാരായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരുടെ മൻചെയ്തികളെപ്പറ്റിയും സ്വഭാവത്തെക്കുറിച്ചും മറ്റുമുള്ള റിപ്പോർട്ട് കിട്ടുവാനുള്ള താമസംകൊണ്ടു്.

(സി) 70 പഞ്ചായത്തുകളിൽ.

പഞ്ചായത്താഫീസറന്മാരുടെ പരീക്ഷായോഗ്യത

* 223. [43] ശ്രീ. പി. കേശവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്താഫീസർമാരുടെ നിർദ്ദിഷ്ടമായ പരീക്ഷായോഗ്യത എന്തെല്ലാമാണു്;

(ബി) പഞ്ചായത്താഫീസർമാരായി നിയമിച്ചിട്ടുള്ളവർക്കു പഞ്ചായത്തിനെപ്പറ്റി പ്രത്യേകവിജ്ഞാനം വല്ലതുമുണ്ടോ?

(സി) ആഫീസർമാർക്കു് ഇപ്പോൾ കൊടുത്തുവരുന്ന ഒരേ ഒരു മാസത്തെ ട്രെയിനിംഗ് പര്യാപ്തമാണോ;

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ.)

(എ) പഞ്ചായത്താഫീസർമാരിൽ ഒന്നാംഗ്രേഡുകാരുടേതു് ബി. എ. ബിരുദവും, രണ്ടാംഗ്രേഡുകാരുടേതു് എസ്. എസ്. എൽ. സി.-യോ, ഇ. എസ്. എൽ. സി.-യോ തത്തുല്യമോ ആയ പരീക്ഷായോഗ്യതയും ആകുന്നു.

(ബി) പഞ്ചായത്താഫീസർമാരായി നിയമിച്ചിട്ടുള്ളവരിൽ കരേപ്പുർ പഞ്ചായത്തുകളിൽ ജോലിനോക്കിയിരുന്നവരായതുകൊണ്ടു് അവർക്കു് കുറെ പരിജ്ഞാനം കാണും. മറ്റുള്ളവരുടെ കാര്യത്തിൽ പ്രത്യേകപരിജ്ഞാനമൊന്നുമില്ല. എന്നിരുന്നാലും പ. സ. കമ്മീഷന്റെ തിരഞ്ഞെടുപ്പിൽ പഞ്ചായത്തുകളേയും അവയുടെ ഭരണത്തേയും പറ്റി സാധാരണജ്ഞാനം പ്രദർശിപ്പിച്ചിട്ടുള്ളവർക്കു് മൻതൂക്കം കൊടുത്തിട്ടുള്ളതുകൊണ്ടു് അവർക്കും പഞ്ചായത്തു ഭരണത്തെപ്പറ്റി സാമാന്യജ്ഞാനമുണ്ടായിരിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly